**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4309** **18-03-2025 - ൽ മറുപടിയ്ക്ക്**

**കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ടോ; | (എ) | കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പാലക്കാട് ,കൊച്ചി എന്നീ രണ്ട് നോഡുകളായാണ് വികസിപ്പിക്കുന്നത്- പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ - ഏകദേശം 1710 ഏക്കറിൽ വികസിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ മാസ്റ്റർ പ്ലാനും ഡി.പി.ആറും തയ്യാറാക്കിയിട്ടുണ്ട്. കൊച്ചി നോഡിൽ ഗ്ലോബൽസിറ്റി പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ പ്രാഥമിക മാസ്റ്റർപ്ലാൻ തയ്യാറായി വരുന്നു.കൊച്ചി നോഡിനുള്ള അന്തിമ അനുമതി കേന്ദ്ര സർക്കാർ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത മാസ്റ്റർ പ്ലാനിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | അടിസ്ഥാന സൗകര്യങ്ങളായ റോഡ്, പ്ലോട്ട്, ഏരിയ, ഡ്രെയിനേജ്, വാട്ടർ, STP, ETP, വൈദ്യുതി, ഡിസ്ട്രിബ്യൂഷൻ, മാർക്കറ്റ് ഡിമാന്റ് എന്നിവയെല്ലാമാണ് മാസ്റ്റർപ്ലാനിൽ<br><br>ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപ ചെലവു വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്; | (സി) | നോഡ് - 1 - ഐ.എം.സി. പാലക്കാടിന് 3806 കോടി രൂപ ചെലവാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ എത്ര കോടി രൂപ ചെലവു വന്നിട്ടുണ്ട്; ഇത് സംസ്ഥാന ഗവൺമെന്റ് ആണോ വഹിച്ചിട്ടുള്ളത്; എങ്കിൽ എത്ര കോടി രൂപ ചെലവ് വന്നിട്ടുണ്ട്; എത്ര ഏക്കർ ഭൂമിയാണ് കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയ്ക്കായി ഏറ്റെടുത്തിട്ടുള്ളത്; ഏത് ഏജൻസി വഴിയാണ് ഭൂമി ഏറ്റെടുത്തിട്ടുള്ളത്; | (ഡി) | ഭൂമി ഏറ്റെടുക്കുന്നതിന് 2608 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി ഇതുവരെ ഏകദേശം 1489 കോടി രൂപ ചെലവായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 1300 ഏക്കറോളം ഭൂമി കിൻഫ്ര മുഖേന പാലക്കാട് ജില്ലയിൽ ഏറ്റെടുത്തു കഴിഞ്ഞു. |
| (ഇ) | പ്രസ്തുത വ്യവസായ ഇടനാഴി യാഥാർത്ഥ്യമാകുന്നതിലൂടെ എത്ര കോടി രൂപയുടെ മുതൽമുടക്കിലുള്ള വ്യവസായങ്ങൾ തുടങ്ങുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിലൂടെ | (ഇ) | ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ 43,000 തൊഴിലവസരങ്ങളും 10,000 കോടി രൂപയോളം വരുന്ന നിക്ഷേപവും സൃഷ്ടിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | | | |
|---|---|---|---|
| | എത്രപേർക്ക് തൊഴിൽ കണ്ടെത്താൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ